# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.52 — 24-01-2018-ലെ മറുപടിക്ക്

**ചോദ്യം** — **ഉത്തരം**

ശ്രീ.ഐ.സി. ബാലകൃഷ്ണൻ
ശ്രീ.കെ.സി. ജോസഫ്
ശ്രീ.സണ്ണി ജോസഫ്
ശ്രീ.വി.ഡി. സതീശൻ

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സാമ്പത്തിക പ്രതിസന്ധി</u>**

| | | |
|---|---|---|
| (എ) | സംസ്ഥാനം ഗുരുതമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്നത് വസ്തുതയാണോ ; | നോട്ട് നിരോധനത്തിന്റെ ഫലമായി ഉടർന്ന വന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. ചരക്കു സേവന നികുതിയിൽ നിന്നുള്ള വരവും കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതത്തിന്റെ കൈമാറ്റവും സംസ്ഥാനത്തിന്റെ ചെലവുകളുടെ ക്രമവും തമ്മിലുള്ള അന്തരം ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ശമ്പളവും പെൻഷനുമടക്കമുള്ള റവന്യൂ ചെലവിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത് മാസത്തിന്റെ ആദ്യ പ്രവർത്തിദിനങ്ങളിലാണ്. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം മുൻകാലങ്ങളിൽ എല്ലാമാസവും ആദ്യ പ്രവർത്തിദിനത്തിൽ ലഭിച്ചുകൊണ്ടിരുന്നത് 15-ാം തീയതിയാക്കി കേന്ദ്ര സർക്കാർ പുന:ക്രമീകരിച്ചു. ഇതുകൂടാതെ ചരക്കുസേവന നികുതിയുടെ ഭാഗമായ എസ്.ജി.എസ്.ടിയുടെ ഗണ്യമായ പങ്കും മാസത്തിന്റെ പകുതിയ്ക്കുശേഷവും ഐ.ജി.എസ്.ടി. വിഹിതം മാസാവസാനവും ജി.എസ്.ടി. നടപ്പിലാക്കുന്നത് വഴിയുണ്ടാകുന്ന റവന്യു നഷ്ടത്തിനുള്ള നഷ്ട |

| | | |
|---|---|---|
| | | പരിഹാരം 2 മാസത്തിലൊരിക്കലുമാണ് ലഭിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ വരവും ചെലവും വിഭിന്നമായി ക്രമീകരിക്കപ്പെട്ടി ട്ടുള്ളതിന്റെ ഫലമായി ഉടലെടുക്കുന്ന Resource Gap പലപ്പോഴും, റിസർവ്വ് ബാങ്കിന്റെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ് മെന്റിനുള്ള ഉപാധികളായ സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റി, വെയ്സ് ആന്റ് മീൻസ്, ഓവർ ഡ്രാഫ്റ്റ് എന്നിവ മുഖാ ന്തിരം ശേഖരിക്കാവുന്ന പരിധിക്കും മുകളി ലാണ്. സംസ്ഥാനത്തിന് ഒഴിവാക്കു വാനാകാത്ത മേൽ ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിനായി പൊതുവിപണിയിൽ നിന്നുള്ള കടമെടുക്കലും, ആർ.ബി.ഐ.യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഉപാധികളും ഫലപ്രദമായി ഉപയോഗിച്ചു കൊണ്ടും നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിന് അനുസൃതമായി മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചു കൊണ്ടും ധൂർത്ത് ഒഴിവാക്കിയുമുള്ള ബഹുമുഖ തന്ത്രമാണ് സർക്കാർ നിലവിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.. |
| (ബി) | സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നോ ട്രഷറികളിൽ നിക്ഷേപിച്ചിട്ടുള്ള കെ.എസ്.എഫ്.ഇ. ചിട്ടി തുകയിൽനിന്നോ സർക്കാർ 2017 ഡിസംബർ മാസത്തിൽ വായ്പ എടുത്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | ക്ഷേമനിധി ബോർഡുകളിൽ നിന്നോ ട്രഷറികളിൽ നിക്ഷേപിച്ചിട്ടുള്ള കെ.എസ്.എഫ്.ഇ. ചിട്ടി തുകയിൽനിന്നോ സർക്കാർ വായ്പ എടുക്കാറില്ല. എന്നാൽ ക്ഷേമനിധി ബോർഡുകളും കെ.എസ്.എഫ്.ഇ. പോലുള്ള സ്ഥാപനങ്ങളും വ്യക്തികളും ട്രഷറിയിൽ സ്ഥിരനിക്ഷേപം നടത്താറുണ്ട്. |
| (സി) | വിവിധ വകുപ്പുകളുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലുണ്ടായിരുന്ന തുക മറ്റൊരു അക്കൗണ്ടിലേയ്ക്ക് മാറ്റുവാൻ തീരുമാനി ച്ചിട്ടുണ്ടോ ; എത്ര തുകയാണ് ഇപ്രകാരം മാറ്റിയത് : | വിവിധ സർക്കാർ വകുപ്പുകളും പൊതുമേഖലാസ്ഥാപനങ്ങളും സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി പ്രവർത്തനങ്ങൾ ക്കായി സർക്കാർ സഞ്ചിത നിധിയിൽനിന്നും അനുവദിച്ചതും ബന്ധപ്പെട്ട സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുവാൻ സാധിക്കാ ത്തതുമായ ഫണ്ടുകൾ നഷ്ടപ്പെട്ടുവാതി രിക്കുവാനായി തങ്ങളുടെ സ്പെഷ്യൽ ട്രഷറി |
| (ഡി) | വായ്പ എടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നുള്ള തടസ്സം നീക്കുന്നതിനാണോ ഇപ്രകാരം ഫണ്ടുകൾ അക്കൗണ്ടുകളിൽ നിന്നും മാറ്റിയതെന്ന് വ്യക്തമാക്കുമോ ? | |

| | | |
|---|---|---|
| | | സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് മാറ്റുന്ന പ്രവണത കാലങ്ങളായി അനുവർത്തിച്ചു പോന്നിരുന്നു. ഇപ്രകാരം നിക്ഷേപിച്ചതും ചെലവഴിക്കാതെ പബ്ലിക് അക്കൗണ്ടിൽ അവശേഷിച്ചതും അടക്കമുള്ള പബ്ലിക് അക്കൗണ്ടിലെ നീക്കിയിരുപ്പ് കടബാധ്യതയായി കണക്കാക്കി 2016-17-ൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച് അനുവദിച്ച കടമെടുപ്പ് പരിധി മറികടന്നതായും അപ്രകാരം അധികരിച്ച തുക നടപ്പ് സാമ്പത്തിക വർഷത്തെ (2017-18) കടമെടുപ്പ് പരിധിയിൽ നിന്നും കുറവ് വരുത്തുമെന്നും കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു. കേന്ദ്ര സർക്കാർ ആദ്യമായിട്ടാണ് ഇത്തരത്തിലൊരു നിലപാട് സ്വീകരിക്കുന്നത്. ഇതുകൂടാതെ ഇങ്ങനെ പണം സൂക്ഷിക്കുന്നത് പദ്ധതികളുടെ പ്രയോജനം ഗുണഭോക്താക്കളിലെത്തിക്കുന്നതിൽ കാലതാമസം വരുത്തുന്നതായും വർഷങ്ങളായി ഫണ്ട് നിലനിർത്തി ചെലവഴിക്കുന്നത് ബജറ്റ് വഴിയുള്ള ധനനിയന്ത്രണങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ വൻതോതിൽ ഫണ്ട് സൂക്ഷിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 14-12-17-ലെ സ.ഉ.(പി) നം 156/2017/ധന പ്രകാരം 5630 കോടി രൂപ ക്രമീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ